# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂൺ 12, ബുധൻ

**നമ്പർ 167**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

സ്പീക്കറുടെ റൂളിംഗ്:

"നിയമസഭ കാലാകാലങ്ങളിൽ പാസ്സാക്കുന്ന നിയമങ്ങളിലെ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം (delegated legislation) വിനിയോഗിച്ചുകൊണ്ട് സർക്കാർ യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നില്ല എന്ന പരാതി കഴിഞ്ഞ കാലങ്ങളിൽ വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്ത രൂപത്തിൽ സഭാതലത്തിൽ ഉയർന്നുവരികയുണ്ടായിട്ടുണ്ട്. പതിനാലാം കേരള നിയമസഭയിൽ മാത്രം, കഴിഞ്ഞ മൂന്നുവർഷക്കാലത്തിനിടയിൽ, നാല് ക്രമപ്രശ്നങ്ങൾ ഉന്നയിക്കപ്പെടുകയും ചട്ടങ്ങൾ സമയബന്ധിതമായി പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചെയർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും ശക്തമായ റൂളിംഗും നൽകുകയും ചെയ്തിട്ടുണ്ട്.

നിയമസഭാ നടപടിചട്ടം 238-ന്റെ (2)-ാം ഉപചട്ടപ്രകാരം, നിയമസഭ പാസ്സാക്കിയ ഒരു നിയമം വിജ്ഞാപനം ചെയ്തുകഴിഞ്ഞാൽ തൊണ്ണൂറു ദിവസങ്ങൾക്കകം അതിൻപ്രകാരമുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കായി സർക്കാർ ലഭ്യമാക്കേണ്ടതാണ്. അപ്രകാരം സബ്ജക്ട് കമ്മിറ്റികൾക്ക് ലഭിക്കുന്ന കരട് ചട്ടങ്ങൾ അടുത്ത തൊണ്ണൂറു ദിവസങ്ങൾക്കകം കമ്മിറ്റികൾ സൂക്ഷ്മപരിശോധന നടത്തേണ്ടതുമാണ്. അതായത് സഭ പാസ്സാക്കുന്ന ഒരു നിയമം എത്രയും വേഗം അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രാബല്യ ത്തിൽ വന്നിരിക്കണം എന്ന ലക്ഷ്യമാണ് ഈ നിർദ്ദേശത്തിന്റെ ഉള്ളടക്കം.

ഇപ്രകാരം വ്യക്തമായ ഒരു ചട്ടം നിയമസഭാ ചട്ടങ്ങളിൽ നിലനിൽക്കുമ്പോൾ തന്നെ നമ്മുടെ സഭ പാസ്സാക്കിയ വ്യത്യസ്തങ്ങളായ 27 നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങളുടെ കരട് നാളിതുവരെ നിർമ്മിക്കുകയോ അവ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല എന്ന കാര്യം അതീവ ഗൗരവമാണ്. യഥാസമയം ചട്ടം നിർമ്മിക്കാതിരുന്നതിനെതിരെ ചില പ്രത്യേക സന്ദർഭങ്ങളിൽ ഈ നിയമസഭയിൽ തന്നെ ശക്തമായ റൂളിംഗ് ചെയറിൽ നിന്നും ഉണ്ടായിട്ടുണ്ടെങ്കിലും ആഗ്രഹിച്ചത്ര വേഗത ഉണ്ടായിട്ടില്ല.

നിയമസഭാ നടപടിച്ചട്ടം 238 പ്രകാരം സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങളുടെ സൂക്ഷ്മപരിശോധന സബ്ജക്ട് കമ്മിറ്റികളുടെ കർത്തവ്യമാണെന്നതുപോലെ അവ യഥാസമയം തയ്യാറാക്കി പരിശോധനയ്ക്കായി ലഭ്യമാക്കുന്നുണ്ടോ എന്ന കാര്യവും കൃത്യതയോടെ പരിശോധിക്കേണ്ട ഉത്തരവാദിത്വവും അതത് സബ്ജക്ട് കമ്മിറ്റികൾ തന്നെ നിർവ്വഹിക്കേണ്ടതുണ്ട്.

എട്ടും ഒൻപതും വർഷങ്ങൾക്കുമുമ്പ് നിയമസഭ പാസ്സാക്കിയ നിയമങ്ങൾ അനുസരിച്ച് പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ പോലും പുറപ്പെടുവിക്കുന്നതിൽ അക്ഷന്തവ്യമായ കാലവിളംബത്തിന് കാരണക്കാരായ വകുപ്പുതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടി ശിപാർശ ചെയ്യുന്നതിനും സബ്ജക്ട് കമ്മിറ്റികൾ തയ്യാറാകേണ്ടതുണ്ട്.

"സബ്ജക്ട് കമ്മിറ്റികൾ" എന്ന അനന്യമായ ആശയം, കേരളം ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിന് നൽകിയ ഉദാത്തമായ സംഭാവനയാണ്. നിയമസഭയുടെ അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്ത് രൂപീകരിക്കപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ ബന്ധപ്പെട്ട അധികാരം വിനിയോഗിക്കുകതന്നെ വേണം. ഒരു നിയമം രൂപപ്പെടുന്നത് ശൂന്യതയിൽ നിന്നല്ല, ജനങ്ങളുടെ അഭിലാഷത്തിൽ നിന്നും സാഹചര്യങ്ങളുടെ ആവശ്യകതയിൽ നിന്നുമാണ്. അത് ജനങ്ങളുടെ ചിന്തയുടെയും വികാരങ്ങളുടെയും ഉത്പന്നങ്ങൾ കൂടിയാണ്. നിയമനിർമ്മാണ സഭകൾ ഗൗരവത്തോടുകൂടി സൃഷ്ടിച്ചെടുക്കുന്ന നിയമങ്ങളുടെ പരിരക്ഷയും പിന്തുണയും ജനങ്ങൾക്ക് ലഭ്യമാക്കാതെ പോകുന്നത് ജനതാല്പര്യത്തോടുള്ള കടുത്ത നിഷേധാത്മക സമീപനമായിട്ടേ വിലയിരുത്താനാകൂ. ഇക്കാര്യത്തിൽ ഒരു വ്യക്തത വരുത്താൻ ചെയർ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

I. സബ്ജക്ട് കമ്മിറ്റി തലത്തിൽ, ചട്ടം 238 പ്രകാരമുള്ള ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന കൃത്യമായി നടക്കുന്നു എന്നും നിലവിൽ കുടിശ്ശികയായി അവശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്നും ഉറപ്പാക്കാൻ കഴിയണം.

II. നിയമസഭയുടെ നടപ്പ് സമ്മേളനം അവസാനിച്ച് കഴിഞ്ഞാലുടൻ ബന്ധപ്പെട്ട എല്ലാ സബ്ജക്ട് കമ്മിറ്റികളും പ്രത്യേക അജണ്ട വച്ചുകൊണ്ട് തെളിവെടുപ്പ് യോഗങ്ങൾ ചേരേണ്ടതും കീഴ്വഴക്കമായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണവും അവയുടെ പരിഗണനയും സംബന്ധിച്ച കാര്യങ്ങൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

III. എല്ലാ സർക്കാർ വകുപ്പുകളും തങ്ങളുടെ വകുപ്പുമായി ബന്ധപ്പെട്ട് കീഴ്വഴക്ക ആയിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ചുള്ള ജോലികൾ രണ്ട് മാസത്തിനകം പൂർത്തീകരിക്കുന്നു എന്ന് ചീഫ് സെക്രട്ടറി തലത്തിൽ ഉറപ്പുവരുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. സബ്ജക്ട് കമ്മിറ്റികളുടെ പരിശോധനയ്ക്കായി ലഭിക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട കമ്മിറ്റികൾ സമയബന്ധിതമായി പരിശോധിക്കുകയും അത് സംബന്ധിച്ച റിപ്പോർട്ട് സഭയുടെ അടുത്ത സമ്മേളനത്തിനുമുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

IV. ഇക്കാര്യത്തിലുള്ള എല്ലാ കീഴ്വഴക്ക ജോലികളും പൂർത്തീകരിച്ചത് സംബന്ധിച്ച് നിയമസഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽ എല്ലാ സബ്ജക്ട് കമ്മിറ്റികളുടെയും അദ്ധ്യക്ഷൻമാരും സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്തേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

നിയമസഭയുടെ collective wisdom-ന്റെ ഭാഗമായി കൈക്കൊള്ളുന്ന ഈ തീരുമാനം ഏതെങ്കിലും സാഹചര്യത്തിൽ നടപ്പാക്കാതിരിക്കുന്നത് സഭയോടുള്ള അനാദരവായി കണക്കാക്കുന്നതും അതിൻപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്നും ചെയർ റൂൾ ചെയ്യുന്നു."

<u>അടിയന്തരപ്രമേയം (ചട്ടം 50):</u>

2008-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കന്നത്തുനാട്ടിലെ നികത്തിയ 5.8365 ഹെക്ടർ നിലങ്ങൾ പൂർവ്വസ്ഥിതിയിലാക്കണമെന്ന കലക്ടറുടെ ഉത്തരവ് റദ്ദ്ചെയ്ത് ഭൂമി നികത്താനുള്ള അനുമതിനൽകിയ സർക്കാരിന്റെ നടപടിമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി. പി. സജീന്ദ്രനും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

**ശ്രദ്ധ ക്ഷണിക്കൽ:**

1. സംസ്ഥാനത്ത് നിലവിൽ വിവിധ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നവർ "ആയുഷ്മാൻ ഭാരത്" പദ്ധതിയിൽനിന്ന് ഒഴിവാക്കപ്പെടാതിരിക്കാൻ സംസ്ഥാന സാഹചര്യത്തിന് അനുസൃതമായി കേന്ദ്ര മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ജെയിംസ് മാത്യു ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.
2. കാഞ്ഞിരപ്പള്ളി ബൈപാസ് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സർവ്വേ നടപടികൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഡോ. എൻ. ജയരാജ് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

**ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:**

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. ബാബു | തണ്ണിശേരിയിൽ വാഹന അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. കെ. ശശി | ഷൊർണ്ണൂർ ഐ.ടി.പി.യിൽ അച്ചടി മ്യൂസിയം ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. സി. ദിവാകരൻ | നെടുമങ്ങാട് റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എസ്.ശർമ്മ | കടലാക്രമണത്തിൽ തകർന്ന പുതുശ്ശേരി പാലം പുതുക്കി പണിയുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. എം. വിൻസെന്റ് | പാപ്പനംകോട്, തിരുവനന്തപുരം സിറ്റി, പൂവാർ, വിഴിഞ്ഞം ഡിപ്പോകളിൽ നിന്നുള്ള ബസ് റൂട്ടുകൾ | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീമതി വീണാ ജോർജ്ജ് | പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ നിർമ്മാണം | ഗതാഗത വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. എസ്. ശിവകുമാർ | പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. കുഞ്ഞിരാമൻ | കീഴൂർ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 9 | ശ്രീ. ടി. എ. അഹമ്മദ് കബീർ | ചേരിയം ഗവ. ഹൈസ്കൂളിനെ ഹയർ സെക്കണ്ടറി സ്കൂളാക്കി ഉയർത്തുന്നത് | പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി. |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ധനകാര്യം:

## 2019 -2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചു. ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും, ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ യഥാക്രമം സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

V-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 5, 6, 7, 11, 13, 15, 16, 19, 21, 23, 24, 25, 27, 28, 31, 33, 35, 38, 40, 44 എന്നീ ഖണ്ഡനോപക്ഷേപങ്ങളും VI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 7, 11, 13, 15, 16, 17, 18, 19, 20, 21, 22, 23, 26, 28, 30, 33, 35, 39 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XI -ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2 ,3, 4, 5, 6, 7, 10, 13, 14, 15, 16, 17 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 6, 8, 9, 10, 11, 13, 14, 15, 16, 17, 18 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXVI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 5, 6, 7, 8, 10, 12, 13, 14, 15, 16, 17, 18, 20 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. സി. എഫ്. തോമസ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. ആർ. രാമചന്ദ്രൻ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. കെ. രാജൻ

ശ്രീ. പി. കെ. ബഷീർ

ശ്രീ. സി. കെ. ശശീന്ദ്രൻ

ശ്രീ. റോജി എം. ജോൺ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ എന്നിവർ മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ V, VI, XI, XXI, XXVI എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2019 ജൂൺ 13-ാം തീയതി വ്യാഴാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 3.53-ന് സഭ പിരിഞ്ഞു.

സി. ജോസ്,

*സെക്രട്ടറി-ഇൻ-ചാർജ്.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Fifteenth Session

# BULLETIN—PART I

( Brief Record of Proceedings )

*Wednesday, June 12, 2019.*

**No. 167**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Three Questions in the list of Questions posted for the day were answered orally.

*Ruling by Speaker*:

Speaker gave the following Ruling:

"നിയമസഭ കാലാകാലങ്ങളിൽ പാസ്സാക്കുന്ന നിയമങ്ങളിലെ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം (delegated legislation) വിനിയോഗിച്ചുകൊണ്ട് സർക്കാർ യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നില്ല എന്ന പരാതി കഴിഞ്ഞ കാലങ്ങളിൽ വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്ത രൂപത്തിൽ സഭാതലത്തിൽ ഉയർന്നുവരികയുണ്ടായിട്ടുണ്ട്. പതിനാലാം കേരള നിയമസഭയിൽ മാത്രം, കഴിഞ്ഞ മൂന്നുവർഷക്കാലത്തിനിടയിൽ, നാല് ക്രമപ്രശ്നങ്ങൾ ഉന്നയിക്കപ്പെടുകയും ചട്ടങ്ങൾ സമയബന്ധിതമായി പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചെയർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും ശക്തമായ റൂളിംഗും നൽകുകയും ചെയ്തിട്ടുണ്ട്.

നിയമസഭാ നടപടിചട്ടം 238-ന്റെ (2)-ാം ഉപചട്ടപ്രകാരം, നിയമസഭ പാസ്സാക്കിയ ഒരു നിയമം വിജ്ഞാപനം ചെയ്തുകഴിഞ്ഞാൽ തൊണ്ണൂറ് ദിവസങ്ങൾക്കകം അതിൻപ്രകാരമുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്കായി സർക്കാർ ലഭ്യമാക്കേണ്ടതാണ്. അപ്രകാരം സബ്ജക്ട് കമ്മിറ്റികൾക്ക് ലഭിക്കുന്ന കരട് ചട്ടങ്ങൾ അടുത്ത തൊണ്ണൂറ് ദിവസങ്ങൾക്കകം കമ്മിറ്റികൾ സൂക്ഷ്മ പരിശോധന നടത്തേണ്ടതുമാണ്. അതായത് സഭ പാസ്സാക്കുന്ന ഒരു നിയമം എത്രയും വേഗം അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രാബല്യത്തിൽ വന്നിരിക്കണം എന്ന ലക്ഷ്യമാണ് ഈ നിർദ്ദേശത്തിന്റെ ഉള്ളടക്കം.

KNPP. 647/2019(ii).

ഇപ്രകാരം വ്യക്തമായ ഒരു ചട്ടം നിയമസഭാ ചട്ടങ്ങളിൽ നിലനിൽക്കുമ്പോൾ തന്നെ നമ്മുടെ സഭ പാസ്സാക്കിയ വ്യത്യസ്തങ്ങളായ 27 നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങളുടെ കരട് നാളിതുവരെ നിർമ്മിക്കുകയോ അവ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല എന്ന കാര്യം അതീവ ഗൗരവമാണ്. യഥാസമയം ചട്ടം നിർമ്മിക്കാതിരുന്നതിനെതിരെ ചില പ്രത്യേക സന്ദർഭങ്ങളിൽ ഈ നിയമസഭയിൽ തന്നെ ശക്തമായ റൂളിംഗ് ചെയറിൽ നിന്നും ഉണ്ടായിട്ടുണ്ടെങ്കിലും ആഗ്രഹിച്ചത്ര വേഗത ഉണ്ടായിട്ടില്ല.

നിയമസഭാ നടപടിച്ചട്ടം 238 പ്രകാരം സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന സബ്ജക്ട് കമ്മിറ്റികളുടെ കർത്തവ്യമാണെന്നതുപോലെ അവ യഥാസമയം തയ്യാറാക്കി പരിശോധനയ്ക്കായി ലഭ്യമാക്കുന്നുണ്ടോ എന്ന കാര്യവും കൃത്യതയോടെ പരിശോധിക്കേണ്ട ഉത്തരവാദിത്വവും അതത് സബ്ജക്ട് കമ്മിറ്റികൾ തന്നെ നിർവ്വഹിക്കേണ്ടതുണ്ട്.

എട്ടും ഒൻപതും വർഷങ്ങൾക്കുമുമ്പ് നിയമസഭ പാസ്സാക്കിയ നിയമങ്ങൾ അനുസരിച്ച് പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ പോലും പുറപ്പെടുവിക്കുന്നതിൽ അക്ഷന്തവ്യമായ കാലവിളംബത്തിന് കാരണക്കാരായ വകുപ്പുതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടി ശിപാർശ ചെയ്യുന്നതിനും സബ്ജക്ട് കമ്മിറ്റികൾ തയ്യാറാകേണ്ടതുണ്ട്.

"സബ്ജക്ട് കമ്മിറ്റികൾ" എന്ന അനന്യമായ ആശയം, കേരളം ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിന് നൽകിയ ഉദാത്തമായ സംഭാവനയാണ്. നിയമസഭയുടെ അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്ത് രൂപീകരിക്കപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ ബന്ധപ്പെട്ട അധികാരം വിനിയോഗിക്കുകതന്നെ വേണം. ഒരു നിയമം രൂപപ്പെടുന്നത് ശൂന്യതയിൽ നിന്നല്ല, ജനങ്ങളുടെ അഭിലാഷത്തിൽ നിന്നും സാഹചര്യങ്ങളുടെ ആവശ്യകതയിൽ നിന്നുമാണ്. അത് ജനങ്ങളുടെ ചിന്തയുടെയും വികാരങ്ങളുടെയും ഉത്പന്നങ്ങൾ കൂടിയാണ്. നിയമനിർമ്മാണ സഭകൾ ഗൗരവത്തോടുകൂടി സൃഷ്ടിച്ചെടുക്കുന്ന നിയമങ്ങളുടെ പരിരക്ഷയും പിന്തുണയും ജനങ്ങൾക്ക് ലഭ്യമാക്കാതെ പോകുന്നത് ജനതാല്പര്യത്തോടുള്ള കടുത്ത നിഷേധാത്മക സമീപനമായിട്ടേ വിലയിരുത്താനാകൂ. ഇക്കാര്യത്തിൽ ഒരു വ്യക്തത വരുത്താൻ ചെയർ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

I. സബ്ജക്ട് കമ്മിറ്റി തലത്തിൽ, ചട്ടം 238 പ്രകാരമുള്ള ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന കൃത്യമായി നടക്കുന്നു എന്നും നിലവിൽ കുടിശ്ശികയായി അവശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്നും ഉറപ്പാക്കാൻ കഴിയണം.

II. നിയമസഭയുടെ നടപ്പ് സമ്മേളനം അവസാനിച്ച് കഴിഞ്ഞാലുടൻ ബന്ധപ്പെട്ട എല്ലാ സബ്ജക്ട് കമ്മിറ്റികളും പ്രത്യേക അജണ്ട വച്ചുകൊണ്ട് തെളിവെടുപ്പ് യോഗങ്ങൾ ചേരേണ്ടതും കീഴ്വഴക്കമായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണവും അവയുടെ പരിഗണനയും സംബന്ധിച്ച കാര്യങ്ങൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

III. എല്ലാ സർക്കാർ വകുപ്പുകളും തങ്ങളുടെ വകുപ്പുമായി ബന്ധപ്പെട്ട് കീഴ്വഴക്കം ആയിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ചുള്ള ജോലികൾ രണ്ട് മാസത്തിനകം പൂർത്തീകരിക്കുന്നു എന്ന് ചീഫ് സെക്രട്ടറി തലത്തിൽ ഉറപ്പ് വരുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. സബ്ജക്ട് കമ്മിറ്റികളുടെ പരിശോധനയ്ക്കായി ലഭിക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട കമ്മിറ്റികൾ സമയബന്ധിതമായി പരിശോധിക്കുകയും അത് സംബന്ധിച്ച റിപ്പോർട്ട് സഭയുടെ അടുത്ത സമ്മേളനത്തിനുമുമ്പായി സർക്കാരിനു സമർപ്പിക്കേണ്ടതുമാണ്.

IV. ഇക്കാര്യത്തിലുള്ള എല്ലാ കീഴ്വഴക്ക ജോലികളും പൂർത്തീകരിച്ചത് സംബന്ധിച്ച് നിയമസഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽ എല്ലാ സബ്ജക്ട് കമ്മിറ്റികളുടെയും അദ്ധ്യക്ഷൻമാരും സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്തേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു..

നിയമസഭയുടെ collective wisdom-ന്റെ ഭാഗമായി കൈക്കൊള്ളുന്ന ഈ തീരുമാനം ഏതെങ്കിലും സാഹചര്യത്തിൽ നടപ്പാക്കാതിരിക്കുന്നത് സഭയോടുള്ള അനാദരവായി കണക്കാക്കുന്നതും അതിൻപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്നും ചെയർ റൂൾ ചെയ്യുന്നു."

*Adjournment Motion (Rule 50)*:

After hearing the Minister for Revenue and Housing, the Speaker withheld consent to the moving of an adjournment motion given notice of by Shri V. P. Sajeendran and three other Members regarding the serious situation reported to have arisen due to the decision taken by the Government to revoke the Order issued by the District Collector to reclaim 5.8365 hectr of paddy land which was converted violating the provisions of The Paddy Land and Wetland Conservation Act, 2008.

In protest against the attitude of the Government in this matter the Members belonging to opposition staged a walkout.

*Calling Attention*:

1. Shri James Mathew called the attention of the Minister for Health, Social Justice and Woman and Child Welfare to the necessity to modify Central norms in accordance with the circumstances of the State so as to prevent the exclusion of the people who are the beneficiaries of the various State schemes, from "Ayushman Bharath" Scheme. The Minister made a statement thereto.

2. DR N. Jayaraj called the attention of the Minister for Revenue and Housing to the necessity to expedite the surveying of the land to realise the Kanjirappally Bye Pass Project in a time bound manner. The Minister made a statement thereto.

*The Matters under Rule 304*:

The Matters raised in the House by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. ബാബു | തണ്ണിശേരിയിൽ വാഹന അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം | മുഖ്യമന്ത്രി |
| 2 | ശ്രീ. പി. കെ. ശശി | ഷൊർണ്ണൂർ ഐ.ടി.പി.യിൽ അച്ചടി മ്യൂസിയം ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. സി. ദിവാകരൻ | നെടുമങ്ങാട് റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എസ്.ശർമ്മ | കടലാക്രമണത്തിൽ തകർന്ന പുള്ളശ്ശേരി പാലം പുതുക്കി പണിയുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. എം. വിൻസെന്റ് | പാപ്പനംകോട്, തിരുവനന്തപുരം സിറ്റി, പൂവാർ, വിഴിഞ്ഞം ഡിപ്പോകളിൽ നിന്നുള്ള ബസ് റൂട്ടുകൾ | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീമതി വീണാ ജോർജ്ജ് | പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ നിർമ്മാണം | ഗതാഗത വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. എസ്. ശിവകുമാർ | പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. കുഞ്ഞിരാമൻ | കീഴൂർ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നത് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 9 | ശ്രീ. ടി. എ. അഹമ്മദ് കബീർ | ചേരിയം ഗവ. ഹൈസ്കൂളിനെ ഹയർ സെക്കണ്ടറി സ്കൂളാക്കി ഉയർത്തുന്നത് | പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി. |

The Ministers concerned made statements on the respective subjects.

*Financial Business:*

<u>Discussion and Voting on Demands for Grants in the Budget for the financial year 2019-2020</u>

DR. T. M. Thomas Isaac, Minister for Finance and Coir moved Demand No. V—Goods and Service Tax, Agricultural Income Tax and Sales Tax for the amount shown against it under column No. 5 in the list of Demands for Grants. Shri E. Chandrasekharan, Minister for Revenue and Housing moved Demand Nos. VI—Land Revenue, XI—District Administration and Miscellaneous, XXI—Housing and XXVI—Relief on Account of Natural Calamities for the amounts shown respectively against them under column No. 5 in the list of Demands for Grants.

Dr. T. M. Thomas Isaac, the Minister for Finance and Coir laid on the table statements under Rule 236(3) with regard to these Demands.

The cut motion Nos. 2, 3, 5, 6, 7, 11, 13, 15, 16, 19, 21, 23, 24, 25, 27, 28, 31, 33, 35, 38, 40, and 44 in the list of cut motions for Demand No. V, cut motion Nos. 2, 7, 11, 13, 15, 16, 17, 18, 19, 20, 21, 22, 23, 26, 28, 30, 33, 35 and 39 in the list of cut motions for Demand No. VI, cut motion Nos. 1, 2, 3, 4, 5, 6, 7, 10, 13, 14, 15, 16 and 17 in the list of cut motions for Demand No. XI, cut motion Nos. 1, 2, 3, 4, 5, 6, 8, 9, 10, 11, 13, 14, 15, 16, 17 and 18 in the list of cut motions for Demand No. XXI and cut motion Nos. 1, 2, 3, 5, 6, 7, 8, 10, 12, 13, 14, 15, 16, 17, 18 and 20 in the list of cut motions for Demand No. XXVI were moved.

The following Members took part in the discussion:

Shri K. Suresh Kurup

Shri Eldose P. Kunnappillil

Prof. Abid Hussain Thangal

Shri C. F. Thomas

Shri K. D. Prasenan

Shri R. Ramachandran

Prof. K. U. Arunan

Shri George M. Thomas

Shri Mathew T. Thomas

Shri S. Rajendran

Shri K. Rajan

Shri P. K. Basheer

Shri C. K. Saseendran

Shri Roji M. John.

DR. T. M. Thomas Isaac, Minister for Finance and Coir and Shri E. Chandrasekharan, Minister for Revenue and Housing replied to the points raised during the discussion. The cut motions were declared lost. Then the Demand No. V, VI, XI, XXI and XXVI were put to vote and passed.

The House adjourned at 3.53 p.m. to meet again 9.00 a.m. on Thursday, June 13, 2019.

C. Jos,
*Secretary-in-Charge.*